അവകാശ സർട്ടിഫിക്കറ്റ് നൽകുമ്പോൾ പാലിക്കേണ്ട മാനദണ്ഡങ്ങൾ

107 [1046] ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താലൂക്ക് ഓഫീസുകളിൽ നിന്നും നിയമാനുസൃത പിൻതുടർച്ചാവകാശികളെ നിശ്ചയിച്ചുകൊണ്ട് സർട്ടിഫിക്കറ്റ് നൽകുമ്പോൾ അതിൽ ഏത് ആവശ്യത്തിനാണ് സർട്ടിഫിക്കറ്റ് നൽകുന്നതെന്ന് വ്യക്തമാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ ; എങ്കിൽ എന്തുകൊണ്ട് ;

(ബി) വിവിധ താലൂക്കുകളിൽ വിവിധ രീതിയിലാണ് ഇക്കാര്യം പരിഗണിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ചില താലൂക്കുകളിൽ സർട്ടിഫിക്കറ്റിന്റെ ഓരോ ആവശ്യവും എടുത്തു പറയുന്നു. മറ്റു ചില സ്ഥലങ്ങളിൽ ആവശ്യം പറയാതെ അവകാശികൾ ആരെല്ലാമെന്ന് നിശ്ചയിച്ച് നൽകുന്നു. ഇതിൽ ഏതാണ് സർക്കാർ മാനദണ്ഡമെന്ന് വ്യക്തമാക്കുമോ ;

(ഡി) പിൻതുടർച്ച അവകാശ സർട്ടിഫിക്കറ്റ് നൽകുമ്പോൾ ഏതെല്ലാം മാനദണ്ഡങ്ങളാണ് പാലിക്കുക ; ആയതിനെ സംബന്ധിച്ചുള്ള മുഴുവൻ സർക്കാർ ഉത്തരവുകളുടെയും പകർപ്പ് ലഭ്യമാക്കുമോ ;

(ഇ) ചില തഹസിൽദാർമാർ നിയമാനുസൃത പിൻതുടർച്ചാവകാശികളെ നിശ്ചയിച്ച് നൽകുന്ന സർട്ടിഫിക്കറ്റുകളിൽ ആവശ്യങ്ങൾ ഓരോന്നും എണ്ണിപറയുമ്പോൾ ഏതെങ്കിലും ഒരു കാര്യം വിട്ടുപോയാൽ വീണ്ടും ഈ നടപടിക്രമം പൂർത്തീകരിക്കുന്നതിന്റെ ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയതിലേക്ക് എന്തെല്ലാം നിർദ്ദേശങ്ങളാണ് തഹസിൽദാർമാർക്ക് നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ; പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ ;

(എഫ്) വിവിധ താലൂക്കുകളിൽ വിവിധ തരത്തിൽ എന്തുകൊണ്ടാണ് പ്രസ്തുത സർട്ടിഫിക്കറ്റ് നൽകുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ജി) കേരളത്തിൽ മുഴുവൻ ഒരേ മാനദണ്ഡത്തിൽ സർട്ടിഫിക്കറ്റ് നൽകുവാൻ നിർദ്ദേശം നൽകുമോ ; നിർദ്ദേശം നിലവിലുണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(എച്ച്) സർക്കാർ നിബന്ധനയ്ക്ക് വിരുദ്ധമായി നടപടികൾ കൈക്കൊള്ളുന്ന തഹസിൽദാർമാർക്കെതിരെ നടപടി കൈക്കൊള്ളാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ--സി) താലൂക്ക് ഓഫീസുകളിൽ നിന്നും പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റ് നൽകുമ്പോൾ ഏതാവശ്യത്തിനാണ് നൽകുന്നതെന്ന് രേഖപ്പെടുത്തി നൽകുന്ന രീതിയാണ് നിലവിലുള്ളത്.

(ഡി) 5000 രൂപ വരെയുള്ള തുകയ്ക്ക് 5 രൂപ സ്റ്റാമ്പൊട്ടിച്ച അപേക്ഷ തഹസിൽദാർക്ക് നൽകണം. മരണ സർട്ടിഫിക്കറ്റ്, വില്ലേജാഫീസറുടെ അന്വേഷണ റിപ്പോർട്ട് മുതലായവയെ അടിസ്ഥാനമാക്കി ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ച്

LIBRARY ARCHIVES Kerala Legislative Assembly

30 ദിവസത്തിനുള്ളിൽ ലഭിക്കുന്ന പരാതികളിൽ അന്വേഷണം നടത്തി തഹസിൽദാർ സർട്ടിഫിക്കറ്റ് നൽകുന്നു. 5000 രൂപയിൽ കൂടുതൽ വരുന്ന സന്ദർഭങ്ങളിൽ സിവിൽ കോടതിയിൽ നിന്നും സക്സഷൻ സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണ്.

(ഇ & എഫ്) ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ജി) ഇത് സംബന്ധിച്ച നിർദ്ദേശം അടങ്ങിയ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. †

(എച്ച്) ഇക്കാര്യം ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

കുത്തകപ്പാട്ടത്തിന്റെ കാലാവധി

108 [1047] ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലാവധി കഴിഞ്ഞ കുത്തകപാട്ടം പുതുക്കിക്കൊടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ :

(ബി) കുത്തകപാട്ട അടിസ്ഥാനത്തിൽ കൃഷിഭൂമി കൈവശം വച്ചിരിക്കുന്ന എത്ര കൃഷിക്കാരുണ്ട് ;

(സി) കുത്തകപ്പാട്ടം പുതുക്കി നൽകുന്നതിന് കാലതാമസം ഉണ്ടായിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) വിവരം ശേഖരിച്ചു വരുന്നു.

നെയ്യാറ്റിൻകര താലൂക്ക് ലാന്റ് അസൈൻമെന്റ് കമ്മിറ്റി

109 [1048] ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാറ്റിൻകര താലൂക്ക് ലാന്റ് അസൈൻമെന്റ് കമ്മിറ്റി കഴിഞ്ഞ രണ്ട് തവണ എന്നൊക്കെ യോഗങ്ങൾ ചേർന്നിരുന്നുവെന്നും പ്രസ്തുത യോഗങ്ങളിൽ എന്തൊക്കെ തീരുമാനങ്ങൾ കൈക്കൊണ്ടുവെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത യോഗങ്ങളുടെ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത കമ്മിറ്റിയുടെ ശുപാർശ പ്രകാരം ഇതിനകം എത്ര പേർക്ക് പട്ടയം നൽകിയെന്നും ഇനി എത്ര പേർക്ക് പട്ടയം നൽകാനുണ്ടെന്നും വ്യക്തമാക്കുമോ ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly